തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
വാക്കാട്, മലപ്പുറം – 676 502
ഫോൺ : 0494 2631230

നം. 4636/2025/ഡി1/അഡ്മിൻ തീയതി: 16.10.2026

ക്വട്ടേഷൻ ദീർഘിപ്പിക്കൽ നോട്ടീസ്

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല – ലൈബ്രറിയിലുള്ള പഴയ പത്രങ്ങൾ/ മാസികകൾ/ കാർഡ്ബോർഡ് പെട്ടികൾ തുടങ്ങിയവ തൂക്കി വാങ്ങുന്നതിന് ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാലയിലെ ലൈബ്രറിയിലുള്ള പഴയ പത്രങ്ങൾ, വിവിധ മാസികകൾ, കാർഡ്ബോർഡ് പെട്ടികൾ തുടങ്ങിയവ തൂക്കി വാങ്ങുന്നതിന് വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

പത്രങ്ങൾക്കും മാസികകൾക്കും കാർഡ്ബോർഡിനും പ്രത്യേകം പ്രത്യേകം കിലോ പ്രകാരമുള്ള നിരക്കാണ് ക്വാട്ട് ചെയ്യേണ്ടത്.

ക്വട്ടേഷനുകൾ **29.10.2026–ന് ഉച്ചയ്ക്ക് 2 മണിക്ക് മുൻപായി** സർവകലാശാലാ ഓഫീസിൽ ലഭിച്ചിരിക്കണം. **"മലയാളസർവ്വകലാശാല ലൈബ്രറി – പഴയ പത്രങ്ങൾ/ മാസികകൾ/ കാർഡ്ബോർഡ് പെട്ടികൾ എന്നിവ തൂക്കി വാങ്ങുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് കവറിന്റെ പുറത്ത് രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾ അന്ന് 3 മണിക്ക് തന്നെ തുറക്കുന്നതും **ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിന് കരാർ ഉറപ്പിച്ചു നൽകുന്നതുമാണ്.** ക്വട്ടേഷനുകൾ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരിക്കും. കരാർ ലഭിക്കുകയാണെങ്കിൽ അനുമതിക്കത്ത് ലഭിച്ച് ഒരാഴ്ചയ്ക്കകം പത്രങ്ങൾ, മാസികകൾ തുടങ്ങിയവ ക്വാട്ട് ചെയ്ത തുക പ്രകാരം ഫിനാൻസ് വിഭാഗത്തിൽ പണം അടവാക്കി സർവകലാശാലയിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ ഓഫീസിൽ നേരിട്ടോ, 0494–2631230 എന്ന നമ്പറിലോ, www.malayalamuniversity.edu.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെട്ടാൽ ലഭിക്കുന്നതാണ്.

അസിസ്റ്റന്റ് രജിസ്ട്രാർ
രജിസ്ട്രാർ–ഇൻ–ചാർജ്ജിനു വേണ്ടി

പകർപ്പ് : വി.സി. കാര്യാലയം/ മലയാളസർവകലാശാല ഓഫീസ് നോട്ടീസ് ബോർഡ്/ഫ്രണ്ട് ഓഫീസ്/ ലൈബ്രറി/മലയാളസർവകലാശാല വെബ്സൈറ്റ്/ഫിനാൻസ്/ പി. ആർ. ഒ./ എസ്റ്റേറ്റ് ഓഫീസർ/തിരൂർ മുനിസിപ്പാലിറ്റി ഓഫീസ്/ വെട്ടം ഗ്രാമപഞ്ചായത്ത് ഓഫീസ്/നിറമരുതൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്/ ഓഫീസ് രേഖ/ കരുതൽ രേഖ